പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4773 — 05.02.2014 ലെ മറുപടിയ്ക്ക്

## വരൾച്ച, കാലവർഷ കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കാൻ പ്രത്യേക പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞവർഷത്തെ വരൾച്ചയും ഈ വർഷമുണ്ടായ കാലവർഷവും കാർഷിക രംഗത്ത് എത്ര രൂപയുടെ നഷ്ടമുണ്ടാക്കി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) കഴിഞ്ഞ വർഷത്തെ വരൾച്ച മൂലം (ഖാരിഫ്, റാബി സീസണുകൾ ചേർത്ത്) 7503.35 കോടി രൂപയുടെയും ഈ വർഷത്തെ കാലവർഷം മൂലം 583.7 കോടി രൂപയുടെയും നഷ്ടം വിളനാശം മൂലം കാർഷികരംഗത്ത് ഉണ്ടായതായി കണക്കാക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കാലാവസ്ഥാ വ്യതിയാനം, വരൾച്ച, കാലവർഷം എന്നിവയുടെ കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് ഉണ്ടാക്കുമോ; | (ബി) നിലവിൽ വരൾച്ച, കാലവർഷം എന്നിവ മൂലമുള്ള കൃഷിനാശത്തിന്, ഇൻഷ്വർ ചെയ്ത വിളകൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ കേന്ദ്ര പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ഇൻഷ്വർ ചെയ്ത വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. അതോടൊപ്പം വരൾച്ച, കാലവർഷക്കെടുതികൾ, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സംസ്ഥാന ദുരന്ത നിവാരണ മാനദണ്ഡമനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, വരൾച്ച, കാലവർഷം എന്നിവയുടെ കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് പ്രത്യേക പാക്കേജുകൾ ഇപ്പോൾ പരിഗണനയിലില്ല. |
| (സി) സംസ്ഥാനത്തിന്റെ കാർഷിക രംഗത്തെ മുന്നേറ്റത്തിന് വഴിയൊരുക്കുവാൻ പ്രത്യേക കാർഷിക പാക്കേജുകൾ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സാധാരണയായി ഒരു പ്രദേശത്തിന്റെ മൊത്തത്തിലുള്ള ഉന്നമനത്തിനു വേണ്ടിയാണ് പാക്കേജുകൾ അനുവദിക്കുന്നത്. നിലവിൽ കേന്ദ്രസഹായത്തോടെ കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**വരൾച്ചയും കാലവർഷവും മൂലം കാർഷിക രംഗത്ത് ഉണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക്**

| ജില്ല | വരൾച്ച മൂലമുള്ള നഷ്ടം (രൂപ) | കാലവർഷം മൂലമുള്ള നഷ്ടം (രൂപ) |
|---|---|---|
| തിരുവനന്തപുരം | 14,87,56,94,500 | 45,60,58,600 |
| കൊല്ലം | 9,13,55,34,400 | 6,20,96,580 |
| ആലപ്പുഴ | 3,14,73,21,780 | 73,15,97,950 |
| പത്തനംതിട്ട | 5,07,22,42,160 | 41,65,82,100 |
| കോട്ടയം | 96,67,78,200 | 46,27,17,750 |
| ഇടുക്കി | 2,51,92,54,850 | 30,67,70,500 |
| എറണാകുളം | 37,78,32,440 | 34,87,13,060 |
| തൃശ്ശൂർ | 3,96,67,65,000 | 58,65,38,040 |
| പാലക്കാട് | 12,18,04,73,350 | 48,00,27,480 |
| മലപ്പുറം | 3,97,99,60,000 | 38,98,17,270 |
| കോഴിക്കോട് | 61,38,25,000 | 49,90,45,300 |
| വയനാട് | 18,04,30,15,000 | 67,62,15,150 |
| കണ്ണൂർ | 2,33,74,000 | 20,50,47,320 |
| കാസർഗോഡ് | 13,14,71,000 | 21,60,82,170 |
| **ആകെ** | **75,03,35,41,680** | **5,83,73,09,270** |

സെക്ഷൻ ഓഫീസർ